**ശ്രദ്ധക്ഷണിക്കൽ**

## (1) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കൊച്ചിൻ ഷിപ്പ് യാർഡ്, എച്ച്.എൽ.എൽ. ലൈഫ് കെയർ (പഴയ ഹിന്ദുസ്ഥാൻ ലാറ്റക്സ്), ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് തുടങ്ങിയ കേരളത്തിലെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുകയാണ്. കേരളത്തിന്റെ അഭിമാനമായ പൊതുമേഖലാ സ്ഥാപനമാണ് കൊച്ചിൻ ഷിപ്പ് യാർഡ്. ഈ സ്ഥാപനം കേരളത്തിന് നിഷേധിച്ച അവസരത്തിൽ സഖാവ് എ.കെ.ജി.-യുടെ നേതൃത്വത്തിൽ നടന്ന ജനകീയ പ്രക്ഷോഭങ്ങളുടെ ഫലമായിട്ടാണ് കൊച്ചിൻ ഷിപ്പ് യാർഡ് കൊച്ചിയിൽ തന്നെ സ്ഥാപിക്കാൻ കേന്ദ്രഗവൺമെന്റ് നിർബന്ധിതമായത്. അതിനായി എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കോടി കണക്കിന് രൂപ വിലമതിക്കുന്ന സ്ഥലം ആളുകളെ ഒഴിപ്പിച്ച് കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് എടുത്തുകൊടുത്തതാണ്. തുടങ്ങിയപ്പോൾ മുതൽ ലാഭത്തിൽ പ്രവർത്തിക്കുന്നൊരു സ്ഥാപനമാണ് കൊച്ചിൻ ഷിപ്പ് യാർഡ്. എയർക്രാഫ്റ്റ്

ക്യാരിയർ ഉൾപ്പെടെ യുദ്ധകപ്പലുകളടക്കം നിർമ്മിക്കാൻ ശേഷിയുള്ള, നിർമ്മിച്ചിട്ടുള്ള സ്ഥാപനമാണ് കൊച്ചിൻ ഷിപ്പ് യാർഡ്. ഏറ്റവും നല്ല നിലയിൽ പ്രൊഫഷണലായി നടക്കുന്നൊരു പൊതുമേഖലാ സ്ഥാപനമാണിത്. കേന്ദ്ര ഗവൺമെന്റ് രണ്ടു ലക്ഷം കോടി രൂപ പ്രതിരോധ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി വരുന്ന വർഷം ചെലവഴിക്കാൻ പോകുകയാണ്. രണ്ടുലക്ഷം കോടി രൂപ പ്രതിരോധ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ വേണ്ടി ചെലവഴിക്കുന്ന സമയത്ത് ഇന്ത്യയിൽ ഷിപ്പ് യാർഡ് ഉൾപ്പെടെ പ്രതിരോധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുകയാണ്. അതിന്റെ ഉദ്ദേശം എന്താണ്? കേന്ദ്ര ഗവൺമെന്റ് വൻതോതിൽ പ്രതിരോധന ഉൽപ്പന്നങ്ങൾ വാങ്ങാൻ തീരുമാനിക്കുന്നു, അതേസമയംതന്നെ ഈ പ്രതിരോധ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കാൻ തീരുമാനിക്കുകയാണ്. ..... (ബഹളം)... കേന്ദ്ര ഗവൺമെന്റ് ഇന്ത്യൻ നേവിക്കുവേണ്ടിയിട്ടുള്ള ലാന്റിംഗ് പ്ലാറ്റ് ഫോം ഡോക് നിർമ്മിക്കാൻ തീരുമാനിച്ചപ്പോൾ കൊച്ചിൻ ഷിപ്പ് യാർഡിനെ എന്തിനാണ് ഒഴിവാക്കിയത്? കൊച്ചിൻ ഷിപ്പ് യാർഡിനെ ടെണ്ടറിൽ പങ്കെടുപ്പിച്ചില്ല. പിന്നീട് അവർക്ക് ഇതിന്റെ ഓർഡർ കൊടുക്കാനും കേന്ദ്ര

ഗവൺമെന്റ് തയ്യാറായില്ല. പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയും വളരെ പ്രൊഫഷണലായി മാനേജ് ചെയ്ത് മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്ന കൊച്ചിൻ ഷിപ്പ് യാർഡിനെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം കേരളത്തിനെതിരാണ്; കേരളത്തിലെ ജനങ്ങൾക്കെതിരായ ഒരു വെല്ലുവിളിയാണ്. അതുപോലെതന്നെ ഹിന്ദുസ്ഥാൻ ലാറ്റക്സ് (എച്ച്.എൽ.എൽ. ലൈഫ് കെയർ എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന സ്ഥാപനം) കഴിഞ്ഞ വർഷം മാത്രം 36 കോടി രൂപ ലാഭമുണ്ടാക്കിയ സ്ഥാപനമാണ്. തുടങ്ങിയതു മുതൽ ഇന്നുവരെ ലാഭമുണ്ടാക്കിയ സ്ഥാപനമാണ്. കേരളത്തിലെയും ഇന്ത്യയിലെയും ജനന നിയന്ത്രണ കാര്യങ്ങളിൽ ഏറ്റവും വലിയ സേവനമനുഷ്ഠിച്ച സ്ഥാപനമാണ്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ഇത് ഡൈവേസ്റ്റിഫൈ ചെയ്ത് മരുന്ന് ഉൽപ്പാദനം, ഹോസ്പിറ്റൽ എക്യൂപ്മെന്റ്സ്, ആശുപത്രി മന്ദിരം തുടങ്ങിയവ നിർമ്മിക്കുന്ന സ്ഥിതിയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടി സ്പെഷ്യാലിറ്റി യൂണിറ്റ് എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയതാണ്. അത് നിർമ്മിച്ചതും അതിന്റെ മേൽനോട്ടത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതും എച്ച്.എൽ.എൽ. ലൈഫ് കെയറാണ്. എന്തിനാണ് ഈ സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നത്; ഇതിനുവേണ്ട സ്ഥലവും കേരള ഗവൺമെന്റ് എടുത്ത്

കൊടുത്തതല്ലേ? ലാഭത്തിലോടുന്ന സ്ഥാപനമാണ്. ആ സ്ഥാപനവും സ്വകാര്യവൽക്കരിക്കാൻ പോകുകയാണ്. മൂന്നാമത്തേത് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിക്കുവേണ്ടി മാറി മാറി വന്ന കേരള ഗവൺമെന്റുകൾ ചെയ്തിട്ടുള്ളതുപോലുള്ള സേവനം ഒരു പൊതുമേഖലാ സ്ഥാപനത്തിനും കേരളത്തിൽ കേരള ഗവൺമെന്റ് ചെയ്തിട്ടില്ല. പാവപ്പെട്ട കൃഷിക്കാരെയടക്കം മാറ്റിപാർപ്പിച്ചിട്ടാണ് ഏതാണ്ട് 700 ഓളം ഏക്കർ സ്ഥലം കേരള ഗവൺമെന്റ് പൈസ മുടക്കി എടുത്ത് കൊടുത്തിട്ടുള്ളത്. അതിനുവേണ്ട അസംസ്കൃത വസ്തു ഏറ്റവും കുറഞ്ഞ വിലയ്ക്ക് (ഒരു ടണ്ണിന് ആയിരം രൂപ) ആണ് കേരള ഗവൺമെന്റ് കൊടുക്കുന്നത്. ഒരു ഗവൺമെന്റല്ല, മാറിമാറി വന്ന ഗവൺമെന്റുകൾ കൊടുത്തു. അങ്ങനെ എല്ലാതരത്തിലും കേരള ഗവൺമെന്റ് പിന്തുണക്കുകയും പൊതുമേഖലയിൽ നിലനിർത്തുന്നതിനുവേണ്ടി എല്ലാ സഹായവും ചെയ്യുന്ന, അതുപോലെ ഇവർക്കുവേണ്ടി കാപ്പി പ്ലാന്റേഷൻ കൊടുത്തു. അതും സ്വകാര്യവൽക്കരിക്കുകയാണ്. എച്ച്.ബി.സി.യുടെ കീഴിൽ നിന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് മാറിയാൽത്തന്നെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന് സ്വതന്ത്രമായി നിൽക്കാനും പ്രവർത്തിക്കാനും കഴിയൂ. എച്ച്.ബി.സി.യുടെ മറ്റു യൂണിറ്റുകളെല്ലാം വലിയ നഷ്ടത്തിൽ പോകുകയാണ്. ഈ യൂണിറ്റ് ലാഭത്തിൽ പ്രവർത്തിക്കുന്ന

യൂണിറ്റാണ്. കേന്ദ്ര ഗവൺമെന്റ് ന്യൂസ് പ്രിന്റിന്റെ ഇറക്കുമതി തീരുവ കുറച്ചിട്ടുപോലും എച്ച്.എൽ.എൽ. യൂണിറ്റിനെ ലാഭത്തിൽ കൊണ്ടുവരാൻ നമുക്ക് കഴിയുന്നതാണ്. ഇത് സ്വകാര്യവൽക്കരിക്കേണ്ട കാര്യമില്ല.

മി. സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: അതുപോലെ തന്നെ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ്. തൊട്ടപ്പുറത്തുള്ള കൊച്ചിൻ റിഫൈനറിയിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് പ്രവർത്തിക്കുന്നത്.... (ബഹളം).....

മി.സ്പീക്കർ: ശ്രീ. വി. ടി. ബൽറാം, ശ്രീ. അൻവർ സാദത്ത്, ചെയറിനെ മറച്ചുകൊണ്ടുള്ള നിങ്ങളുടെ ഈ പരിപാടി സ്ഥിരമായിട്ടുള്ളതാണ്. സഭയിൽ മിസ്ബിഹേവ് ചെയ്താൽ പെരുമാറേണ്ടതെങ്ങനെയെന്നത് സംബന്ധിച്ചും ചട്ടമുണ്ട്. ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇന്ന് കൊച്ചിൻ റിഫൈനറിയും അതിനുചുറ്റും ഒരു പെട്രോ കെമിക്കൽസ് ഹബ്ബ് ആയി മാറുകയാണ്. അതെല്ലാം പൊതുമേഖലയിൽ വരികയാണ്. കൊച്ചിൻ റിഫൈനറിയുടെ എക്സ്പാൻഷന്റെ ഭാഗമായി വരുന്ന സ്ഥാപനങ്ങൾ, അതിനിടയിൽ ഹിന്ദുസ്ഥാൻ ഓർഗാനിക്

കെമിക്കൽസിന് ശോഭനമായ ഭാവിയാണുള്ളത്. എന്തിനാണ് ആ സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നത്. അങ്ങനെ കേരളത്തിൽ പ്രവർത്തിക്കുന്ന കൈവിരലിൽ എണ്ണാവുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ഇതിനെല്ലാം കേരള ഗവൺമെന്റ് എല്ലാവിധ സഹായങ്ങളും നൽകിയിട്ടുണ്ട്; സ്ഥലം ഏറ്റെടുത്ത് കൊടുത്തിട്ടുണ്ട്; എല്ലാ തരത്തിലുള്ള പിന്തുണയും കൊടുത്തിട്ടുണ്ട്. കൊച്ചിൻ ഷിപ്പ് യാർഡ്, ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ്, എച്ച്.എൽ.എൽ ലൈഫ് കെയർ ഇവയെല്ലാം സ്വകാര്യവൽക്കരിച്ചു പോകുകയാണ്. ഇതിനെതിരായി ശക്തമായ നിലപാട് കേരളത്തിലെ ജനങ്ങൾ എടുത്തിട്ടുണ്ട്. കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ നമ്മുടെ കേസ് അവതരിപ്പിക്കുകയും ഇത് നിർത്തിവയ്പിക്കുന്നതിനാവശ്യമായ നിർണ്ണായകമായ സമ്മർദ്ദം ചെലുത്തുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സഭാ നടപടികൾ ബഹിഷ്കരിച്ച് സഭ വിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ കേന്ദ്ര

പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും സ്വകാര്യവൽക്കരിക്കാനുമുള്ള ശ്രമങ്ങൾ കുറച്ചുവർഷങ്ങളായി നടന്നുവരുന്നുണ്ട്. ഇതിനെതിരെയുള്ള കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ പലതവണ അറിയിച്ചിട്ടുള്ളതാണ്. കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന ആഗോളവത്ക്കരണനയങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാണ്. ഇത്തരം നയങ്ങൾ തുടരുന്നതിന്റെ ഫലമായി അടച്ചുപൂട്ടപ്പെടുന്ന സ്ഥാപനങ്ങൾ തുറക്കുന്നതിനുള്ള ബദൽ നയങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായാണ് പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ സംരക്ഷിച്ചുനിർത്താനുള്ള നടപടി സ്വീകരിച്ചത്. ഇത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സംസ്ഥാനത്തിന് കഴിയാവുന്ന കാര്യങ്ങൾ ചെയ്തുവരുന്നു. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച സ്ഥാപനങ്ങളുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് അതീവമായ ഉത്കണ്ഠ തന്നെയാണുള്ളത്. കൊച്ചിൻ ഷിപ്പ്‌യാർഡ് സ്വകാര്യവൽക്കരിക്കുന്നതിന്റെ നീക്കവുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രിയെ കാണുകയും അത് തടയണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പക്ഷേ ഒരു ഭാഗം ഷെയറുകൾ വിൽക്കുന്ന സമീപനം തന്നെയാണ് സ്വീകരിച്ചത്. ഇവിടെ കൊച്ചിൻ ഷിപ്പ്‌യാർഡിനെക്കുറിച്ച് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. മത്സരത്തിൽ

പങ്കെടുക്കാൻപോലും അവസരം നിഷേധിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. അത് കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ ഭാവി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന നിലതന്നെയാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച ഘട്ടത്തിൽ അവർ ഉറപ്പിച്ചുപറയുന്നത് കൊച്ചിൻ ഷിപ്പ്‌യാർഡ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുമെന്നാണ്. ഓഹരി വിറ്റതിൽ പ്രതിഷേധമുണ്ടെങ്കിലും ആ വാഗ്ദാനം ഇനിയെങ്കിലും പാലിച്ചുകിട്ടുമോയെന്ന ശ്രമമാണ് സംസ്ഥാന സർക്കാർ തുടർന്ന് നടത്താൻ ശ്രദ്ധിക്കുന്നത്. അതുപോലെതന്നെ എച്ച്.എൽ.എൽ.-നെയും എച്ച്.ഒ.സി.-യെയും സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് നമ്മുടെ സംസ്ഥാനത്ത് അതീവ ഉത്കണ്ഠയുണ്ടാക്കുന്ന കാര്യങ്ങളാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കേന്ദ്ര ധനവ്യവസായ വകുപ്പിനുകീഴിൽ സ്വതന്ത്ര സ്ഥാപനമായി നിലനിർത്തണമെന്നും കടബാദ്ധ്യത തീർക്കാൻ 100 കോടി രൂപ ഗ്രാന്റായോ വായ്പയായോ അനുവദിക്കണമെന്നും പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ 2017 മാർച്ച് 13-ന് നിയമസഭ ഐകകണ്ഠ്യേന പ്രമേയവും പാസ്സാക്കിയിട്ടുണ്ട്. കൊച്ചിയിലെ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനായി കമ്പനി ഭൂമി

ഡി.പി.സി.എൽ.-ന് പണയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നിവയ്ക്ക് കമ്പനി നൽകേണ്ട കുടിശ്ശിക അടയ്ക്കുന്നതിന് സമയം അനുവദിക്കണമെന്ന ആവശ്യം പരിശോധിച്ചുവരികയാണ്. കഞ്ചിക്കോട് ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ ഓഹരികളും വിൽക്കാനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ ഇറക്കുമതിനയവും ഓഹരി വിറ്റഴിക്കലും പൊതുമേഖലയിൽ കേന്ദ്ര നിക്ഷേപം കുറയുന്നതുമെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ രൂക്ഷമായ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുകയാണ്. എന്നാൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തും.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയും ബി.എം.എസ്. ഉൾപ്പെടെയുള്ള ഒരു ട്രേഡ് യൂണിയനും ഈ സ്വകാര്യവൽക്കരണത്തെ അനുകൂലിക്കുന്നില്ല. അത് കണക്കിലെടുത്ത്, ഇക്കാര്യത്തെക്കുറിച്ച് നിവേദനം നൽകുന്നതിനും ഇത് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുന്നതിനും ഒരു സർവ്വകക്ഷി സംഘം കേന്ദ്രത്തിൽ പോകുന്നതിനെ കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർവ്വകക്ഷി സംഘം കേന്ദ്രത്തിൽ പോയതുകൊണ്ട് കേരളത്തിന്റെ വികാരം പ്രതിഫലിപ്പിക്കാമെന്ന് മാത്രമേയുള്ളൂ. കേരളത്തിന്റെ വികാരം ഇപ്പോഴും നല്ല രീതിയിൽ അവിടെ പ്രതിഫലിപ്പിച്ചിട്ടുണ്ട്. അതിനുള്ള ശ്രമങ്ങൾ നമ്മുടെ എം.പി.മാർ കൂട്ടായി നടത്തുന്നുണ്ട്. അതിനപ്പുറം ഒരു സർവ്വകക്ഷി സംഘം പോകുന്നതിന് ഇപ്പോൾ ആലോചിച്ചിട്ടില്ല. അക്കാര്യത്തിൽ സർക്കാരിന് വിപരീത നിലയൊന്നുമില്ല.

(2) <u>സമഗ്ര കാർഷികനയം</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കർഷകരോടുകാണിക്കുന്ന കർഷകദ്രോഹ നിലപാടുകൾ മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള കോൺഗ്രസ് പാർട്ടി ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ സംഘടിപ്പിച്ചിരിക്കുന്ന ഈ ദിവസംതന്നെ സമഗ്രമായ കാർഷികനയം നടപ്പാക്കണമെന്ന ആവശ്യം സഭയിൽ ഉന്നയിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. 1992-ലാണ് കേരളം ആദ്യമായി ഒരു കാർഷിക നയത്തിന് രൂപം നൽകുന്നത്. അതിന്റെ ഗുണപരമായ നേട്ടങ്ങൾ കുറെയൊക്കെ ഈ മേഖലയിൽ കൊണ്ടുവരാൻ കഴിഞ്ഞുവെങ്കിലും ഏറെ പ്രതിസന്ധികളിലൂടെയാണ് നമ്മുടെ കാർഷികമേഖല മുന്നോട്ടുപോകുന്നത്. കൃഷിഭൂമിയുടെ കുറവ്,

ഉല്പാദനക്ഷമതയില്ലായ്മ, തുണ്ടുകളാക്കപ്പെടുന്ന ഭൂമി, വരുമാനത്തിന്റെ സുരക്ഷിതത്വമില്ലായ്മ, ഉല്പാദനത്തിലെ അനിശ്ചിതത്വം, വിപണിയിലെ പോരായ്മകൾ, പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള വിരക്തി തുടങ്ങി ഒട്ടേറെ വെല്ലുവിളികൾ നമ്മുടെ കാർഷികമേഖല ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. 2015-ൽ ഈ സഭയിലെ അംഗവും കാർഷിക വിദഗ്ദ്ധനുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി അവർകളുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ കഴിഞ്ഞ ഗവൺമെന്റ് നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസനനയം രൂപരേഖയായി തയ്യാറാക്കി സംസ്ഥാന ഗവൺമെന്റിന് നൽകി. 28.3.2015-ൽ കൃഷി വകുപ്പ് ഇതുസംബന്ധിച്ച ഉത്തരവിറക്കുകയും ചെയ്തു. എന്നാൽ കാർഷിക അനുബന്ധമേഖലകളുടെ സർവ്വാശ്ലേഷിയായ സമഗ്രവളർച്ചയ്ക്ക് ഉതകുന്ന 322 നിർദ്ദേശങ്ങൾ അടങ്ങിയ പ്രസ്തുത നയരേഖ ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് ഏറ്റവും ദുഃഖകരമായ കാര്യം. കൃഷിയുമായി ബന്ധപ്പെട്ട നയങ്ങൾ, ജലബന്ധിത നയങ്ങൾ, മണ്ണിനെ സംബന്ധിക്കുന്ന നയങ്ങൾ, കാലവസ്ഥയേയും പ്രകൃതിയേയും സംബന്ധിക്കുന്ന നയങ്ങൾ, നീർമറി വികസന സമീപനവുമായി ബന്ധപ്പെട്ട നയങ്ങൾ, പ്രതിസന്ധിയിലായ കർഷകർക്ക് ആശ്വാസമേകാനുള്ള നയങ്ങൾ ഉൾപ്പെടെ ആ മേഖലയുമായി ബന്ധപ്പെട്ട മുന്നൂറ്റി ഇരുപത്തിരണ്ട്

സമഗ്രനിർദ്ദേശങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിരുന്നത്. 38.86 ലക്ഷം ഹെക്ടർ വിസ്തൃതിയുള്ള കേരളത്തിൽ 20.71 ലക്ഷം ഹെക്ടർ അതായത് ഈ സംസ്ഥാനത്തിന്റെ മൊത്തം ഭ്രവിസ്തൃതിയുടെ 53.3 ശതമാനം, സ്ഥലത്ത് മാത്രമാണ് ഇപ്പോൾ കൃഷിക്ക് ഉപയുക്തമായിട്ടുള്ളത്. 1970-71 കാലഘട്ടത്തിൽ ആഭ്യന്തര ഉല്പാദനത്തിന്റെ ഏതാണ്ട് 49.44 ശതമാനമായിരുന്ന നമ്മുടെ കൃഷിയുടെ പങ്ക് എങ്കിൽ 2015-16 ആയപ്പോൾ 10.38 ശതമാനമായി കുറഞ്ഞു. 2011-12 വർഷത്തെ കണക്കു പ്രകാരം കൃഷി അനുബന്ധപ്രവർത്തനങ്ങളുടെ വളർച്ച ഏതാണ്ട് 1.43 ശതമാനമായിരുന്നത്, -2.9 ശതമാനമായി കുറഞ്ഞു. കാർഷിക ഉല്പാദനരംഗത്ത് ഒരു കാലഘട്ടത്തിലുണ്ടായിരുന്ന നമ്മുടെ ഇടപെടൽ കുറഞ്ഞുവന്നുവെന്നതാണ് ഇത് സൂചിപ്പിക്കുന്നത്. കാർഷികമേഖലയിലെ ഈ സ്തംഭനാവസ്ഥയും ഉല്പന്നങ്ങളുടെയും ഉല്പാദന ഉപാധികളുടെയും വിലയിലെ ചാഞ്ചാട്ടങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങൾ ഉൾപ്പെടെയുള്ള ആഘാതങ്ങളെയും ചെറുക്കാൻ നമുക്ക് ഇന്നും കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഈ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്ന പച്ചക്കറി ഉൾപ്പെടെയുള്ള സ്വയംപര്യാപ്തത കൈവരിക്കുന്ന ഗവേഷണ വ്യാപന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്ന സുസ്ഥിരമായ ഒരു കാർഷികനയം ആവിഷ്കരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. വർത്തമാനകാലത്തിൽ

ഈ മേഖലയിൽ പുതിയ താളങ്ങളും ഈണങ്ങളും രചിക്കുന്ന രചനാത്മകമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് കൃഷിവകുപ്പും ബഹുമാന്യനായ മന്ത്രിയും ഇടപെടുന്നുണ്ട്. നമ്മുടെ പച്ചപ്പിന്റെ പഴയകാല വസന്തങ്ങളിലേയ്ക്ക് തിരിച്ചുവരാനുള്ള ഒരു തേക്കുപാട്ടിന്റെ ഈണം വളരെ അവ്യക്തമായി അവിടെയും ഇവിടെയും കേൾക്കുന്നുമുണ്ട്. അതിനെ പൂർണ്ണമാക്കാൻ, ആ പ്രതീക്ഷകളുടെ പുലർകാലത്തിലും ഈ ആശങ്കളൊക്കെ വേട്ടയാടുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടുതന്നെ കാർഷിക സമൃദ്ധിയുടെ തിരിച്ചുവരവിനെ, നമുക്ക് ചുറ്റുമുള്ള ഒട്ടേറെ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ, ഈ ആകുലതകളെ ഇല്ലാതാക്കാൻ സാധിക്കുന്ന തരത്തിലുള്ള സമഗ്രമായ കാർഷികനയമാണ് ആവശ്യമായിട്ടുള്ളത്. പുതിയ കാലഘട്ടത്തിൽ അവസരങ്ങളുടെ ഒട്ടേറെ വാതായനങ്ങൾ കാർഷികമേഖലയിലുണ്ട്. പക്ഷേ കാഴ്ചപ്പാടുകൾ മാറുകയും ഗവേഷണ വികസന വിജ്ഞാപന വ്യാപന സംസ്കരണ വിപണന മേഖലയെ ഏകോപിപ്പിക്കുകയും പരമ്പരാഗത നാട്ടറിവുകളുടെയും പുതിയ സാങ്കേതികവിദ്യയുടെയും സഹായത്തോടെ കാർഷികരംഗത്തെ കുറെക്കൂടി ഊർജ്ജസ്വലമാക്കേണ്ട കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഈ കാർഷികവികസന നയത്തിൽ കർഷകർ ഈ മേഖലയിൽ നിലനിൽക്കാൻവേണ്ടി ഏറ്റവും

പ്രാധാന്യത്തോടുകൂടി പറഞ്ഞത് ലാഭവിഹിതത്തെക്കുറിച്ചാണ്. നൂറ്റാണ്ടുകളുടെ തപസ്യയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന പ്രവൃത്തിപരിചയത്തിന്റെ സൂക്ഷിപ്പുകാരനാണ് ഒരു യഥാർത്ഥ കർഷകൻ. സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കുവേണ്ടി നൽകുന്ന അത്തരം സംഭാവനകളിലൂടെ അനുഭവിക്കുന്ന സാമ്പത്തിക അഭിവൃദ്ധിയുടെ ഒരു പങ്ക് കർഷകന് നൽകാൻ സമൂഹത്തിന് കഴിയണം. തന്റെ ഉല്പന്നത്തിനുണ്ടാകുന്ന ലാഭത്തിന്റെ വിഹിതം നിയമപരമായ അവകാശമായി കൃഷിക്കാരന് ലഭിക്കുന്ന ഒരു നയം നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കണം. കൃഷിഭൂമിയുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണം നിയമംമൂലം ഉറപ്പാക്കുവാൻ കഴിയണം. കൃഷിഭൂമിയെ മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയും അന്യാധീനപ്പെടുത്തുകയും ചെയ്യുന്ന പ്രവണതകൾക്കെതിരെ ശക്തമായ നിയമനിർമ്മാണം ഈ മേഖലയിൽ കൊണ്ടുവരികയും ആവശ്യമായ ശിക്ഷ നടപ്പാക്കുകയും വേണമെന്നതുമാണ് മറ്റൊരു നിർദ്ദേശമായി എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിനും കാലാനുസൃതമായി ഉൽപ്പാദനച്ചെലവും വിലയും തമ്മിലുള്ള ന്യായമായ അന്തരം കൃഷിക്കാരന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനും ഒരു വിലനിർണ്ണയ അതോറിറ്റിയെ നിയമിക്കണമെന്നുള്ളതാണ് മറ്റൊരു

പ്രധാനപ്പെട്ട നിർദ്ദേശം. കൃഷിക്കാരന് നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തണം. ഭക്ഷ്യസുരക്ഷാ നിയമം പോലെ തന്നെ ശക്തമായ കൃഷി സുരക്ഷാ നിയമം ഈ രാജ്യത്ത് കൊണ്ടുവരാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണം. നമ്മുടെ കാർഷിക രംഗം പുതിയ തലങ്ങളിലേക്ക് മാറുകയാണ്. നിലനിൽപ്പിനുള്ള മാർഗ്ഗത്തിനപ്പുറം പുതിയ രൂപഭാവങ്ങളുടെ പരിവർത്തന ദശയിലാണ് നമ്മൾ. അതുകൊണ്ട് തന്നെ ഒരു കാർഷിക ബഡ്ജറ്റ് പ്രത്യേകമായി അവതരിപ്പിക്കണമെന്നുള്ള നിർദ്ദേശം കൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. കാർഷിക സെസ് എന്ന ആശയം നടപ്പാക്കണം. ഇതുമായി ബന്ധപ്പെട്ട് ചില ചർച്ചകൾ നടന്നിരുന്നു. ജി.എസ്.ടി നിയമം വന്നതുകൊണ്ട് സെസ് നടപ്പാക്കാൻ കഴിയുകയില്ല എന്നുള്ള വാദങ്ങൾ ചില ഭാഗത്ത് ഉയർന്നിരുന്നു. The Taxation Laws (Amendment) Act പ്രകാരം രാജ്യത്ത് 13 സെസ്സുകൾ നിർത്തലാക്കി. പക്ഷേ ഏതാണ്ട് ഏഴ് സെസ്സുകൾ ഇനിയും നിലവിലുണ്ട്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ കാർഷിക മേഖലയിൽ തീർച്ചയായും സെസ് ഏർപ്പെടുത്തിക്കൊണ്ട് ആ സെസ്സിന്റെ അടിസ്ഥാനത്തിൽ കർഷകർക്കുള്ള അവകാശലാഭം ലഭ്യമാക്കുന്നതിനുള്ള പണം കണ്ടെത്താൻ കഴിയുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഇതുമായി ബന്ധപ്പെട്ടുകൊണ്ട് വളരെ ഗൗരവമായ ചർച്ചകൾ ഉണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

അതോടൊപ്പം തന്നെ കാർഷിക സെസ് നടപ്പാക്കുന്ന കാര്യം ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഇത് പ്രാവർത്തികമാക്കാൻ നിലവിലുള്ള ജി.എസ്.ടി. നിയമം തടസ്സമാണെന്നുള്ള വാദം തെറ്റാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. 2017-ൽ The Taxation Laws (Amendment) Act പ്രകാരം 13 സെസ്സുകൾ നിർത്തലാക്കിയെങ്കിലും വിദ്യാഭ്യാസ സെസ് ഉൾപ്പെടെയുള്ള ഏഴ് സെസ്സുകൾ ഇപ്പോഴും നിലവിലുണ്ട്. നമ്മുടെ സംസ്ഥാനം ആവശ്യപ്പെട്ടാൽ കാർഷിക സെസ് ഉറപ്പായും നടപ്പാക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. വൈജാത്യങ്ങൾ നിറഞ്ഞ കാർഷിക ഭൂമിയിൽ ഗവേഷണ പഠനങ്ങൾ ഇപ്പോഴും ബാല്യാവസ്ഥയിലാണ്. ആഴത്തിലും പരപ്പിലുമുള്ള കാർഷിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അക്കാദമിക വ്യായാമത്തിനപ്പുറം കൃഷിയിടങ്ങളിലെ ആത്മാവിൽ സ്പന്ദനമുളവാക്കുന്ന ഊർജ്ജസ്രോതസ്സുകളാക്കണം. അതിനുള്ള സംവേദന പ്രവർത്തനങ്ങൾ എല്ലാ തലങ്ങളിൽ നിന്നുമുണ്ടാകണം. കാർഷിക വിദ്യാഭ്യാസം അടിസ്ഥാന വിദ്യാഭ്യാസമെന്ന നിലയിൽ പാഠ്യപദ്ധതിൽ ഉറപ്പാക്കാൻ കഴിയണം.

ചുരുക്കത്തിൽ കൃഷിയെ ലാഭകരമായ തൊഴിലാക്കി മാറ്റാനും കർഷകന് അന്തസ്സും മാന്യതയുമുള്ള സ്ഥാനം ഉറപ്പിക്കാനും ഉത്പാദനക്ഷമതയിലൂടെ ആരോഗ്യകരമായ ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കാനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കാനും പുതിയ തലമുറയുടെ ഹൃദയത്തുടിപ്പുകൾ കേരളത്തിന്റെ കാർഷിക മേഖലയുടെ താളമാകുവാനും പുതിയ വെല്ലുവിളികളെ സധൈര്യം ഏറ്റെടുക്കാനും കാർഷിക മേഖലയെ പ്രാപ്തമാക്കാനും ഒരു സമഗ്രമായ കാർഷിക നയം സർക്കാർ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കാൻ ശ്രമിക്കണമെന്നുള്ള ആവശ്യം ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഒരുപാട് ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു ശ്രദ്ധക്ഷണിക്കലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹം പറഞ്ഞതിൽ പല കാര്യങ്ങളും ഗവൺമെന്റിനും വകുപ്പിനും യോജിപ്പുള്ളവയാണ്. അദ്ദേഹം പറഞ്ഞതുപോലെ കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ പൊതുവെ കാർഷിക മേഖലയിൽ ഒരുപാട്

പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നയം മൂലം മറ്റ് സംസ്ഥാനങ്ങളിലെ പതിനായിരക്കണക്കിന് കർഷകരാണ് ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നത്. കണക്കുകൾ തന്നെ ഞെട്ടിപ്പിക്കുന്നവയാണ്. മഹാരാഷ്ട്ര, യു.പി. അടക്കമുള്ള സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിൽ വ്യാപകമായി ആയിരക്കണക്കിനാളുകളാണ് ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നത് എന്നുള്ള കണക്കുകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഈ നയം കേരളത്തിലെ കൃഷിക്കാരെയും ഒരു പരിധിവരെ ബാധിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതിന്റെ ഉദാഹരണമാണ് റബ്ബർ മേഖലയിലും നാണ്യവിളകളിലും ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കർഷകരെ സംബന്ധിച്ച് ഗുരുതരമായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നത്. അത് കേരളത്തിലെ കാർഷിക മേഖലയുടെ വളർച്ചയെത്തന്നെ തകർത്ത് താഴേയ്ക്ക് കൊണ്ടുവരുന്ന സ്ഥിതിവിശേഷമുണ്ടാക്കിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാർഷിക മേഖലയുടെ വളർച്ചാനിരക്ക് നെഗറ്റീവ് ഗ്രോത്തിലേക്ക് -2.29-ൽ നിന്നുവെന്ന് അദ്ദേഹം സൂചിപ്പിച്ചത് വസ്തുതയാണ്. ഈ ഒരു സാഹചര്യത്തിൽ നിന്നുകൊണ്ടാണ് നമ്മുടെ കേരളം കാർഷിക മേഖലയെ സമീപിക്കേണ്ടത് എന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ

സംസ്ഥാന ഗവൺമെന്റ് കേരളത്തിലെ കാർഷിക മേഖലയെ എല്ലാ തരത്തിലും ശക്തിപ്പെടുത്താനും കാർഷിക മേഖലയിലേക്ക് പുതിയ തലമുറയെ കൊണ്ടുവരുന്നതിനും കാർഷിക വൃത്തി ഒരു മുഖ്യമായ തൊഴിലാക്കി മാറ്റിയെടുക്കുന്നതിനും വേണ്ടിയുള്ള നിരവധി കർമ്മപരിപാടികൾ ആവിഷ്കരിക്കുകയാണ്. ഞാൻ അദ്ദേഹം പറഞ്ഞ മറ്റ് വിഷയങ്ങളിലേക്ക് കടക്കുന്നില്ല.

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന്റെ അവിഭാജ്യ ഘടകങ്ങൾ കൃഷിയും അനുബന്ധ മേഖലകളുമാണ്. ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗം ജനങ്ങളുടെ മുഖ്യ ജീവിതമാർഗ്ഗം കൃഷിയാണ്. കൂടാതെ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ നാലിലൊന്ന് സംഭാവന ചെയ്യുന്നത് കൃഷിയും അനുബന്ധ മേഖലകളുമാണ്. എന്നാൽ സംസ്ഥാനത്ത് ജനസാന്ദ്രത കൂടുകയും കൃഷിയിലൂടെ ധനം സമ്പാദിക്കുന്ന രീതിവിട്ട് കൃഷിഭൂമി മറ്റ് ധനാഗമ മാർഗ്ഗങ്ങൾക്കുള്ള ആസ്തിയായി ഉപയോഗിക്കാൻ തുടങ്ങിയതോടെ നിരവധി കർഷകർ കൃഷിയിൽ നിന്ന് പിന്മാറുകയും കൃഷി ആദായകരമല്ലാത്ത ഒരു ഉപജീവനമാർഗ്ഗമായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ കാർഷികവൃത്തിയിൽ നിന്നും മികച്ച വരുമാനം കർഷകർക്കും

കർഷകത്തൊഴിലാളികൾക്കും അന്തസ്സും മാന്യതയും ഉറപ്പാക്കാനും യുവതലമുറയെ കാർഷികവൃത്തിയിലേക്ക് കൂടുതലായി ആകർഷിക്കാനും വേണ്ടിയുള്ള പുതിയ കാർഷിക നയം ആവിഷ്കരിച്ച് നടപ്പാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിശദമായ ചർച്ചകൾക്കുശേഷം ജൈവകൃഷിക്ക് ഊന്നൽ നൽകിയും ആധുനിക ശാസ്ത്രീയ കൃഷി രീതികൾ സമന്വയിപ്പിച്ചുകൊണ്ടും ഉത്പാദനത്തിൽ വർദ്ധനവും കർഷകർക്ക് മികച്ച വരുമാനവും ഉറപ്പാക്കുന്ന പുതിയ കാർഷികനയം രൂപപ്പെടുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ജൈവകാർഷിക നയത്തിലെയും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചിരുന്ന കാർഷിക നയത്തിലെയും സ്വീകാര്യമായ ആശയങ്ങളെ സ്വാംശീകരിച്ചുകൊണ്ട് പുതിയ കാലഘട്ടത്തിന് അനുസൃതമായി പുനഃക്രമീകരിച്ച് ആവശ്യമായ മാറ്റങ്ങളോടെയാണ് ഈ നയം നടപ്പാക്കാനുദ്ദേശിക്കുന്നത്.

ജലസേചനം, മണ്ണ് സംരക്ഷണം, കാലാവസ്ഥാ വ്യതിയാനത്തെ നേരിടൽ, നീർത്തടാധിഷ്ഠിത വികസനം, കർഷക ക്ഷേമ മാനവശേഷി വികസനം, വിവര സാങ്കേതിക വിദ്യയുടെ വികസനം, കാർഷിക ഗവേഷണവും

വിജ്ഞാനവ്യാപനവും, കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത വ്യവസായ സ്ഥാപനങ്ങൾ വ്യാപിപ്പിക്കലും, കാർഷികോൽപ്പന്നങ്ങളുടെ വിപണനവും അന്തർദ്ദേശീയ വ്യാപാരം, കാർഷിക യന്ത്രവൽക്കരണം, വിള ഇൻഷ്വറൻസ്, ഹൈടെക് കൃഷി രീതികൾ എന്നീ മേഖലകൾക്കാണ് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നത്. കൃഷി വകുപ്പിന്റെ സേവനങ്ങൾ പരമാവധി കാര്യക്ഷമമാക്കുന്നതും ഈ നയത്തിന്റെ ഭാഗമായാണ്. വിശദമായ റിപ്പോർട്ട് വായിക്കുന്നതിന് സമയം പരിമിതമായതുകൊണ്ട് ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കുകയാണ്[+]. പൊതുവായ രത്നചുരുക്കമാണ് ആദ്യത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്. ബാക്കിയെല്ലാം നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

അങ്ങ് ഇവിടെ ഒരു സമരത്തെക്കുറിച്ച് പറയുകയുണ്ടായി. കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകളുടെ കർഷക ദ്രോഹനയം എന്ന് ഇവിടെ പറയുകയുണ്ടായി. സംസ്ഥാന ഗവൺമെന്റ് ഒരു കർഷക ദ്രോഹനയവും നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. മാത്രമല്ല, കൃഷിക്കാരെ സംബന്ധിച്ച് ഏറ്റവും കൂടുതൽ സുരക്ഷിതമായ നിലയിൽ കാർഷിക മേഖലയിൽ അവരെ

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

നിലനിർത്താനാവശ്യമായ നയപരിപാടികളാണ് ഇപ്പോൾ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അങ്ങ് സൂചിപ്പിച്ച, ലാഭവിഹിതമുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞ പ്രകാരമുള്ള തീരുമാനം ഈ ഗവൺമെന്റ് എടുക്കുകയുണ്ടായി. മാത്രമല്ല, വിള ഇൻഷ്വറൻസ് ഉൾപ്പെടെ കൃഷിക്കാർക്ക് ഏറ്റവും കാലത്തിനനുസൃതമായി, അവരുടെ ചെലവിന് അനുസരിച്ച് നഷ്ടപരിഹാരത്തുക 21 കൊല്ലത്തിനുശേഷം പ്രഖ്യാപിച്ചത് ഈ ഗവൺമെന്റാണ്. നെല്ലിന്റെ വില കൊടുക്കുന്ന കാര്യത്തിൽ ഉണ്ടായിരുന്ന എല്ലാ അനിശ്ചിതാവസ്ഥയ്ക്കും പരിപൂർണ്ണമായ വിരാമമിട്ടുകൊണ്ട് ഒരുത്തരവ് ഇറക്കിയതിലൂടെ അടുത്തവർഷം മുതൽ നെൽകർഷകരെ സംബന്ധിച്ച് അവർക്ക് വില കൃത്യസമയത്ത് ലഭിക്കാനാവശ്യമായ നടപടിയിലേക്ക് ഗവൺമെന്റ് പോകുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരാതിരിക്കുന്ന റബ്ബർ, കാപ്പി, തേയില ഉൾപ്പെടെയുള്ള മറ്റ് പല മേഖലകളിൽ നിന്നും കേന്ദ്ര ഗവൺമെന്റ് പിന്മാറുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഫലവത്തായി ഇടപെടാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായി റബ്ബർ കർഷകരടക്കമുള്ള മേഖലകളിലേക്ക് സംസ്ഥാന

കൃഷി വകുപ്പ് പ്രത്യേക പദ്ധതികളാരംഭിച്ച് നടപ്പാക്കാൻ വേണ്ടിയുള്ള തീരുമാനമെടുക്കുകയും പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാപ്പി, തേയില, മറ്റ് സുഗന്ധവിള കർഷകരുടെയും യോഗങ്ങൾ പല ഘട്ടങ്ങളിലായി ഗവൺമെന്റ് വിളിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് ഈ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. പല ഘട്ടങ്ങളിലായി അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യമാണിത്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് അനുവർത്തിക്കുന്ന നയത്തിനെതിരായി ഒറ്റക്കെട്ടായ ശബ്ദമായി കേരളത്തിന്റെ ശബ്ദം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട് എന്നുള്ളതാണ് ഈ മറുപടിയുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

<u>ഡോ. എൻ. ജയരാജ്</u>: സർ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നയത്തെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ കേന്ദ്രഗവൺമെന്റിന്റെ നയം തീർച്ചയായും കർഷക വിരുദ്ധ നയങ്ങളാണ് ഭൂരിഭാഗവും. സംസ്ഥാന ഗവൺമെന്റ് രണ്ടുകാര്യങ്ങളാണ് ചെയ്യേണ്ടത്. ഒന്നാമതായി, ഞങ്ങളുടെ നേതാവായ കെ. എം. മാണി സാർ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് കർഷക പെൻഷൻ ആവിഷ്കരിച്ചത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കൂടി കേൾക്കേണ്ട ഒരു കാര്യമാണ്. മറ്റെല്ലാ ക്ഷേമപെൻഷനുകളും ഈ ഗവൺമെന്റ്

നൽകുന്നുണ്ട്. പക്ഷേ കർഷക പെൻഷൻ മാത്രം നൽകാൻ ഇതുവരെ തയ്യാറായിട്ടില്ല. അതിനെക്കുറിച്ച് ചില ആശയങ്ങൾ രൂപീകരിക്കണമെന്ന് പലതവണ ആവശ്യപ്പെട്ടതാണ്. കർഷക പെൻഷൻ എത്രയും വേഗം നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അത് കർഷകന് കിട്ടുന്ന ഒരംഗീകാരമാണ്. തീർച്ചയായും അക്കാര്യത്തിൽ അങ്ങ് മുൻകൈ എടുക്കണം. ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ നിലപാടാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. ഞാൻ മുമ്പോട്ടുവച്ച ആശയങ്ങളിൽ പലതും എന്റെ ആശയങ്ങളല്ല. യഥാർത്ഥത്തിൽ കാർഷിക നയത്തിന്റെ ഭാഗമായി നമ്മുടെ സഭ തന്നെ ചർച്ച ചെയ്ത് ഏകകണ്ഠമായി നമ്മൾ അംഗീകരിച്ച കുറെ ആശയങ്ങളാണ്. പക്ഷേ അത് ഒന്നൊന്നായി ഏറ്റെടുക്കാതെ നയരൂപീകരണത്തിന്റെ ഭാഗമാക്കുമ്പോഴാണ് സമഗ്രമായ കാഴ്ചപ്പാടോടുകൂടി നമുക്ക് നടപ്പാക്കാൻ സാധിക്കുന്നത്. സഭ ചർച്ച ചെയ്യപ്പെട്ട വിഷയമായ കർഷക ക്ഷേമ ബോർഡിനെക്കുറിച്ചാണ് എന്റെ ചോദ്യം. കർഷകക്ഷേമ ബോർഡിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്; അത് എന്നത്തേയ്ക്ക് രൂപീകരിക്കാൻ കഴിയും; മറ്റെല്ലാ മേഖലകളിലും ഉള്ളതുപോലെ തന്നെ കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് ഏറെ പ്രയോജനപ്രദമാകുന്ന

കൃഷിക്കാരന് കുറെക്കൂടി അംഗീകാരവും ആദരവും നൽകുന്ന ഒരു പ്രവർത്തനമാണ്. അത് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ കൂടി ഒരു മറുപടി ആഗ്രഹിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ രണ്ടുമൂന്ന് കാര്യങ്ങളിൽ തെറ്റിദ്ധാരണാജനകമായ കാര്യങ്ങളുണ്ടായിട്ടുണ്ട്. ഒന്ന്, ആദ്യമായി കേരളത്തിൽ കർഷകർക്ക് പെൻഷൻ അനുവദിക്കുന്നത് ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ കൃഷി വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ്. പിന്നീട് അതിന്റെ എണ്ണം വർദ്ധിപ്പിക്കുന്നത് ബഹുമാന്യനായ കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണെന്നത് ശരിയായിരിക്കാം. പക്ഷേ ബഹുമാന്യനായ മുല്ലക്കര രത്നാകരനാണ് കേരളത്തിലാദ്യമായി കർഷക പെൻഷൻ എന്ന പദ്ധതിയാരംഭിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണത്.

ശ്രീ. പി. സി. ജോർജ്: സർ, ഇക്കാര്യത്തിൽ ഒരു തീരുമാനം വേണം. ശ്രീ. മുല്ലക്കര രത്നാകരനാണോ ശ്രീ. കെ. എം. മാണിയാണോ എന്നുള്ള കാര്യത്തിൽ ഒരു തീരുമാനം ആവശ്യമാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ് കേരളത്തിലാദ്യമായി കർഷക പെൻഷൻ ആരംഭിച്ചത് എന്ന കാര്യത്തിൽ ആർക്കും തർക്കം വേണ്ട. അതിന് ബഹുമാന്യനായ.....

ശ്രീ. മോൻസ് ജോസഫ്: സർ,....(മൈക്ക് ഓഫ്)..........

ശ്രീ. വി. എസ്. സുനിൽകുമാർ: നിങ്ങൾ തമ്മിലുള്ള തർക്കം അവിടെ തീർക്കണം. ഇവിടെ ഗവൺമെന്റിന് ചർച്ച ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല. ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെ കർഷക പെൻഷന്റെ കാര്യത്തിൽ ഈ വർഷം 283 കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചതിനെത്തുടർന്ന് കർഷകപെൻഷനുകളെല്ലാം പൂർണ്ണമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് മാസംവരെയുള്ള എല്ലാ കുടിശ്ശികയും ഓണത്തിനുമുമ്പ് കൊടുത്തുതീർക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. പെൻഷൻ കൊടുത്തിട്ടില്ല എന്ന കാര്യം അങ്ങ് തെറ്റിദ്ധരിച്ചതാണ്. കർഷക ക്ഷേമ ബോർഡ് രൂപീകരിക്കാൻ വേണ്ടി ഗവൺമെന്റ് തീരുമാനമെടുക്കുകയും കഴിഞ്ഞ നിയമസഭാ കാലത്ത് ഞാൻ ഇവിടെ പ്രഖ്യാപിക്കുകയും ചെയ്തതാണ്. കർഷക ക്ഷേമ ബോർഡിന്റെ നിയമനിർമ്മാണത്തിനുള്ള എല്ലാ നടപടികളും

പൂർത്തീകരിച്ചിരിക്കുകയാണ്. ഈ ബഡ്ജറ്റിൽ അതിനുവേണ്ടിയുള്ള പണം അനുവദിച്ചുകഴിഞ്ഞിരിക്കുന്നു. ഈ സെഷനിൽ കർഷകക്ഷേമ ബോർഡിന്റെ ബിൽ കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിലും അടുത്ത സെഷനിലെങ്കിലും ബിൽ കൊണ്ടുവരാനുള്ള നടപടികൾ കൃഷി വകുപ്പ് പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഈവർഷം തന്നെ കർഷകക്ഷേമ ബോർഡ് രൂപീകരിക്കുകയും നിലവിൽ വരികയും ചെയ്യും.

(സബ്മിഷൻ)